LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) " പുതിയ കാലം പുതിയ നിർമ്മാണം" എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി 05/01/2018-ലെ ജി.ഒ.(എം.എസ്)നമ്പർ 01/2018/പൊ.മ.വ.. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സിമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക.

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(ഡി) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(ബി) ഇല്ല.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

12(2599) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; ഇത് നിർമ്മാണത്തിലുള്ള അഴിമതിയും തട്ടിപ്പും പുറത്ത് കൊണ്ടുവരുന്നതിന് പര്യാപ്തമാണോ;

(ബി) ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോഴും ക്രമക്കേട് നടക്കുന്നതായി വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(സി) അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ 2019-ൽ എത്ര പേരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അധികമായി വിജിലൻസ് വിഭാഗത്തിൽ 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 4 എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വിഭാഗം ജീവനക്കാരും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, 9 ക്ലാർക്കുമാർ എന്നീ സാങ്കേതികേതര വിഭാഗം ജീവനക്കാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വിജിലൻസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിൽ പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതിക്ക് പുറമെ സർക്കാർ തലത്തിലും വി.എ.സി.ബി.-യിൽനിന്നും ലഭിക്കുന്ന പരാതികളും അന്വേഷിച്ച് റിപ്പോർട്ട് മേലധികാരികൾക്ക് സമർപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും ഇവ സഹായിച്ചിട്ടുണ്ട്.

(ബി) ചില പ്രവൃത്തികളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ആയതിന്മേൽ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, സർക്കാരിനുണ്ടായ നഷ്ടം ഈടാക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുറ്റക്കാരായ കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുന്നുമുണ്ട്.

(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗം നോർത്ത് സർക്കിളിനുകീഴിൽ മുഹമ്മദ് സൈദ് എന്ന കരാറുകാരനെയും സൗത്ത് സർക്കിളിനുകീഴിൽ M/s.ശബരി എന്റർപ്രൈസസിനേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly